കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മറ്റത്തൂർ ഗ്രാമപഞ്ചായത്ത്

2017-18

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ P6/131/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ – 6800020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in

തീയതി.05.02.19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മറ്റത്തൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.ടി.എസ്.ആർ പി6 131/2019 തിയ്യതി : 05.02.19

## തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 3.10.2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സൈമൺ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.10.2018 മുതൽ 17.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റഫി ജോൺ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ഷീന കെ.ടി | ഓഡിറ്റ് ഓഫീസർ |
| | നിർമ്മൽ കെ.ജി | അസി.ഓഡിറ്റ് ഓഫീസർ |
| | ശിവദാസൻ എ.കെ | അസി.ഓഡിറ്റ് ഓഫീസർ |
| | ധന്യ എ.സുരേന്ദ്രൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | പി.സി സുബ്രൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ഷാജി ജെ.ചിറ്റിലപ്പിള്ളി | 01.04.2017 മുതൽ 23.12.2017 വരെ<br>01.01.2018മുതൽ<br>08.01.2018 വരെ |
| | കെ.ഭാഗ്യനാഥൻ | 24.12.2017 മുതൽ<br>31.12.2017 വരെ<br>09.01.2018 മുതൽ<br>26.01.2018 വരെ |
| | വി.ജി ഗോപകുമാർ | 27.01.2018 മുതൽ 31.3.2018 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | കെ.ബിന്ദു | 01.04.2017 മുതൽ 31.03.2018വരെ |
| അസി.എഞ്ചിനീയർ | ബി.ആർ.ഓംപ്രകാശ് | 01.04.2017 മുതൽ 03.10.2017 വരെ |
| | സരസ്വതി | 04.10.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | സുരേഷ് സി. | 01.04.2017 മുതൽ 31.03.2018വരെ |
| വി.ഇ.ഒ 1 | അൽജോ സി.ചെറിയാൻ | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ 2 | അഭിലാഷ് മോഹൻ<br>ഉമൈവാൻ | 01.04.17 മുതൽ 29.06.17 വരെ<br>30.06.17 മുതൽ 31.03.18 വരെ |
| വി.ഇ.ഒ | ശിഖിത | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | ഡോ.അൽദോ | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ശിൽപ ബേബി | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | ആൻ ക്രിസ്റ്റൻസ് | 01.04.2017 മുതൽ 28.08.2017വരെ |
| | ശാലിനി വി | 29.08.2017മുതൽ 21.12.2017 വരെ |
| | സുധാകുമാരി | 23.12.2017മുതൽ 31.03.2018 വരെ |
| എച്ച്.എം., ജി.യു.പി.എസ് | ജോസ് മാത്യു<br>അൽഫോൻസ | 01/04/2017 മുതൽ 24.08.2017 വരെ<br>25.08.2017 മുതൽ 31.03.18 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ഇഷ മുരളി | 01.04.2017 മുതൽ 26.07.2017 വരെ |
| | മുഹമ്മദ് റയീസ്.എം.എം | 27.07.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക | ഖണ്ഡിക നം |
|---|---|---|
| ഭാഗം – 1 | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |

| | | |
|---|---|---|
| ഭാഗം – 2 | | |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 2-1 |
| 14 | ലൈസൻസില്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു | 2-2 |
| 15 | ചട്ട പ്രകാരമുള്ള ഡിആന്റ്ഒ ലൈസൻസ് പിഴ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയില്ല | 2-3 |
| 16 | അക്കൗണ്ട് വിവരങ്ങൾ കാലികമാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്. | 2-4 |
| ഭാഗം – 3 | | |
| 17 | നിശ്ചിത സമയത്തിനുള്ളിൽ കരാർ വെച്ചില്ല. വൈകി വെച്ച കരാറിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. | 3-1 |
| 18 | എഗ്രിമെന്റ് പീരീഡിനകത്ത് പണി പൂർത്തിയാക്കിയിട്ടില്ല. സമയപരിധി നീട്ടുന്നതിനുള്ള കാരണം എവിടേയും വ്യക്തമാക്കിയിട്ടില്ല. പൂർത്തിയാക്കിയ പ്രവർത്തികളിൽ എഗ്രിമെന്റ് വ്യവസ്ഥ ലംഘിച്ചിട്ടും ഫൈൻ ഈടാക്കിയിട്ടില്ല. | 3-2 |
| 19 | പൊതുമരാമത്ത് പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ട പൊതുവായ അപാകതകൾ. | 3-3 |
| 20 | പ്രോജക്ടുകളുടെ ഭരണസമിതി തീരുമാനത്തിനുശേഷം ടെൻഡർ നടപടികൾ, എഗ്രിമെന്റ് എന്നിവ വളരെ വൈകി മാത്രം നടപ്പാക്കുന്നത് പ്രോജക്ടുകൾ വൈകാനിടയാക്കുന്നു. | 3-4 |
| 21 | പ്രോജക്ടിന്റെ എണ്ണക്കൂടുതൽ പ്രവർത്തികളുടെ ഗുണമേൻമയെ ബാധിക്കുമെയെന്ന് ഓഡിറ്റിൽ ആശങ്കപ്പെടുന്നു, | 3-5 |
| 22 | റോഡ് മരാമത്ത് പ്രവർത്തികളുടെ അവലോകനം | 3-6 |
| 23 | വെള്ളികുളങ്ങര കോൺവെന്റ് റോഡ് റീടാറിംഗ് ടെൻഡർ കുറവ് അവസാനബില്ലിൽ നിന്നും കുറവു ചെയ്തില്ല. നഷ്ടതുക 18047 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരികെ അടച്ചു. | 3-7 |
| 24 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-8 |

| | | |
|---|---|---|
| 25 | നിലവിലില്ലാത്ത സാധാരണബൾബുകൾക്ക് കെ.എസ്.ഇ.ബി.ചാർജ് ഈടാക്കുന്നു-സംയുക്തപരിശോധന അനിവാര്യം | 3-9 |
| 26 | ആശ്രയ പദ്ധതി -സെക്രട്ടറി കൈമാറിയ തുക കുടുംബശ്രീയുടെ എക്കൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നു. | 3-10 |
| 27 | ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമാക്കുമ്പോൾ മരുന്നിന് അടച്ച തുകയിൽ നിന്നും ഫ്രൈറ്റ് ചാർജ് ഈടാക്കുന്നു. | 3-11 |
| 28 | ഘടകസ്ഥാപനങ്ങളുടെ വൈദ്യുതി, ടെലഫോൺ മുതലായ ചെലവുകൾ-വെറ്റേറിനറി സർജന് അധികം തുക നൽകിയത് ഓഡിറ്റ് അന്വേഷണത്തെ തുടര്ന്ന് അടവാക്കി | 3-12 |
| 29 | സുസ്ഥിര ഭവന നിർമ്മാണ പദ്ധതി-തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-13 |
| 30 | വനിത തൊഴിൽ സേനക്ക് മിനി ട്രാക്ടർ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല. | 3-14 |
| 31 | പച്ചക്കറി കൃഷി-അധികം കൂലിച്ചെലവ് നൽകി | 3-15 |
| 32 | വളം വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല | 3-16 |
| 33 | നിർമ്മൽപുരസ്കാരതുക ചെലവഴിച്ചില്ല - യുക്തമായ നടപടികൾ സ്വീകരിക്കുന്നു. | 3-17 |
| 34 | SC/ST പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥന്റെ നിയമനം-സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധം | 3-18 |
| 35 | വെള്ളിക്കുളങ്ങര G.U.P.S.ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ | 3-19 |
| 36 | G.L.P.S.Kodaly, പ്രധാനാധ്യാപകൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ - | 3-20 |

| | | |
|---|---|---|
| 37 | കൈപ്പറ്റ് രശീതി, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല- | 3-21 |
| ഭാഗം – 4 | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 45 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 48 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 49 | വാർഷികധനകാര്യപത്രികയുടെ സംക്ഷിപ്തം | അനുബന്ധം-2 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

27.03.2017തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 23.01.2018 തീയതിയിലെ 1ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2018 | 12.06.2018 | - | 16.06.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം

## നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 22.06.2018, 23.06.2018 | കെഎസ്എ-ടിഎസ്ആർ (ഇ3)1150/18(42) തിയതി 01.09.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 43749758 |
| വരവ് | 109723421 |
| ആകെ | 153473179 |
| ചെലവ് | 134485519 |
| നീക്കിയിരിപ്പ് | 18987660 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 2,73,78,000 | 2,73,78,000 | 2,03,21,857 | 70,56,143 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 1,17.71,807 | 1,17,71,807 | 52,46,962 | 65,24,845 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 10,00,594 | 10,00,594 | 4,48,952 | 5,51,642 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 2,27,02,000 | 2,27,02,000 | 1,88,65,886 | 38,36,114 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 58,21,000 | 58,21,000 | 53,24,868 | 4,96,132 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 1,28,58,088 | 1,28,58,088 | 1,22,46,704 | 6,11,384 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 66,03,900 | 66,03,900 | 59,01,722 | 7,02,178 |
| സാക്ഷരത | | 3,129 | 1,42,360 | 1,45,489 | 67,504 | 77,985 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 18082967 | 18082967 | 18082967 | |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 28,459 | 9,89,199 | 10,17,658 | 9,70,982 | 46,676 |
| | Material cost | | 19,18,546 | 19,18,546 | 19,18,546 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ഐസിഡി എസ് | 9,43,688 | 3,13,613 | 12,57,301 | 11,38,566 | 1,18,735 |
| | ടിഎസ് സി | 0 | 0 | 0 | 0 | 0 |
| | നിർമ്മൽ പുരസ്കാരം | 2,87,500 | 0 | 2,87,500 | 0 | 2,87,500 |
| | സെൻട്രൽ ഗ്രാന്റ് | | | | | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി | 0 | 49,500 | 49,500 | 12,000 | 37,500 |
| | ശുചിത്വമിഷൻ | 58,270 | 1,54,674 | 2,12,944 | 2,12,944 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 2,77,032 | 23,05,000 | 25,82,032 | 25,18,233 | 63,799 |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | 21,59,220 | 3,00,000 | 24,59,220 | 3,00,000 | 21,59,220 |
| ബി ഫണ്ട് | | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | | | | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 1,52,10,920 | | | | 1,96,58,405 |
| | ട്രഷറി അക്കൗണ്ട് | 2,76,66,263 | | | | 12,59,874 |
| മറ്റിനം | ഗുണഭോക്തൃവിഹിതം | 4,60,852 | 15,58,608 | 20,19,460 | 12,37,000 | 7,82,460 |

*അക്കൗണ്ട്സുമായി 27112/- രൂപയുടെ വ്യത്യാസമുണ്ട്.ആയത് 2018-19 ലാണ് മാറിയിട്ടുള്ളത്.എന്നാൽ വെബ്ബ്സാംഖ്യയിൽ
ചെലവായി 2017-18 ൽ തന്നെ വന്നു.

കുറിപ്പുകൾ

1.ACRപ്രകാരമുള്ള വരവ് രേഖപ്പെടുത്തേണ്ട ഫണ്ടുകളുടെ കാര്യത്തിൽ വാർഷിക റിപ്പോർട്ടിലെ ഖണ്ഡിക IV-ലെ സംസ്ഥാന സർക്കാർ അനുവദിച്ച തുക എന്ന ശീർഷകത്തിലെ തുകയുമായി പൊരുത്തപ്പെടേണ്ടതാണ്.

2.ബി-ഫണ്ട് -AFS-ലെ റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റിലുള്ള ബി-ഫണ്ട് തുകകൾ ഉൾപ്പെടുത്തിയാൽ മതി.

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 396 | 17,88,73,030 | 207 | 7,97,73,939 | 189 | 3 | 44.90% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

(1) 171/17 പശുവളർത്തൽ ST വനിത – സാങ്കേതിക കാരണങ്ങളാൽ ഏതാനും ഗുണഭോക്താക്കൾക്ക് അർഹത നഷ്ടപ്പെട്ടതിനാൽ

(2) 175/17 എരുമക്കുട്ടി പോത്തിൻകുട്ടി വിതരണം - സാങ്കേതിക കാരണങ്ങളാൽ ഏതാനും ഗുണഭോക്താക്കൾക്ക് അർഹത നഷ്ടപ്പെട്ടതിനാൽ

(3) ലൈഫ് മിഷൻ - ഭാഗികമായി പൂർത്തിയാക്കിയ IAY വീട് പൂർത്തീകരണം - ജനറൽ - ബ്ലോക്ക് പഞ്ചായത്തിൽനിന്നും തുകയ്ക്കുള്ള റിക്വസിഷൻ ലഭിക്കാതിരുന്നതിനാൽ

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 28,459 | 9,89,199 | 10,17,658 | 9,70,982 | 46,677 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്+മെറ്റിരിയൽ കോസ്റ്റ് | | 1,80,82,967 | 1,80,82,967 | 1,80,82,967 | |

## 1-8 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 73,080.00 | 140 |

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 7,795,800.00 | 715 |
| വിധവാപെൻഷൻ | 18,334,300.00 | 1686 |
| വാർദ്ധക്യകാലപെൻഷൻ | 46,876,900.00 | 4193 |
| വികലാംഗപെൻഷൻ | 5,270,000.00 | 498 |
| അവിവാഹിത പെൻഷൻ | 2,064,100.00 | 198 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 1,020,000.00 | 34 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20907/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ കാണപ്പെട്ട പ്രധാനപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. വരവ് ചെലവുകളെ നിയന്ത്രിക്കുന്നതിന് ബജറ്ററി നിയന്ത്രണം നിലവിലില്ല.
2.ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾക്കായുള്ള മാർഗ്ഗരേഖപ്രകാരമുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ കുറവുകളുണ്ടായിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡയറി മേൽ നോട്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥൻ കൃത്യമായി നിർവ്വഹിക്കുന്നില്ല. പൊതുഭരണത്തിന്റെ മേലന്വേഷണം ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നിർവ്വഹിക്കേണ്ടതുണ്ട്.
3. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികൾ ഉൾപ്പെടുത്തി ആസ്തിരജിസ്റ്റർ കാലികമാക്കുന്നില്ല.

4. ആസ്തി രേഖപ്പെടുത്തുന്നതിനായി രൂപപ്പെടുത്തിയ സചിത്ര സോഫ്റ്റ് വെയർ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല.

5. ചെസ്റ്റിൽ സൂക്ഷിക്കുന്ന കാഷ്, ആധാരങ്ങൾ, മറ്റ് വിലപ്പിടിപ്പുള്ള വസ്തുക്കൾ എന്നിവയുടെ വിവരം, കൈമാറ്റം എന്നിവ നിരീക്ഷിക്കാൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6.2004-ലെ പൗരാവകാശരേഖ തയ്യാറാക്കൽ ചട്ടങ്ങളിലെ ചട്ടം 9 പ്രകാരമുള്ള വർഷംതോറുമുള്ള പുതുക്കൽ നടത്തിയിട്ടില്ല.

7.ഓരോ പ്രത്യേക സീസണിൽ നടത്തേണ്ട പ്രൊജക്ടുകൾ ആ സമയത്തുതന്നെ നിർവ്വഹണം നടത്തുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടതാണെന്ന 28.10.17-ലെ ഡി.എ.1/750/2017/തസ്വഭവ സർക്കുലർ നിർദ്ദേശം പഞ്ചായത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കേണ്ടതുണ്ട്. പ്രത്യേകിച്ച് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പ്രൊജക്ടുകളിൽ ഈ നിർദ്ദേശം അടിയന്തിരമായി പാലിക്കപ്പെടേണ്ടതുണ്ട്.(ഖ.21,22 കാണുക)

മേൽ അപാകതകൾ ശ്രദ്ധയിൽ പെടുത്തുന്നു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.09.18 | ആഗസ്റ്റ്-2018 | 26-09-18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.01.13 – 29.01.13 | 2007-08 to 2011-12 | 26.04.13 |

# 1-12 വാർഷികകണക്കുകളിലെ അപാകതകൾ

മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1.വി.പി.എഫ്.എ.-I എന്ന ട്രഷറി അക്കൗണ്ട് പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ നീക്കിയിരിപ്പായി കാണിച്ചിട്ടുള്ള ₹987/- രൂപയുടെ റീകൺസീലിയേഷൻ പത്രിക, ബാങ്ക് പാസ് ബുക്ക് എന്നിവ ഹാജരാക്കിയിട്ടില്ല.

2.'സാംഖ്യ' എ.സി.ആർ., വാർഷിക ധനകാര്യ പത്രിക എന്നിവ പ്രകാരമുള്ള വരവ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| | | സാംഖ്യയിൽഎ.സി.ആർ. | വാർഷിക ധനകാര്യ പത്രിക | വ്യത്യാസം |
|---|---|---|---|---|
| വികസന ഫണ്ട് | എസ്.സി.പി. | 5246962 | 5156962 | 90000 |
| | ജനറൽ | 20321857 | 20319365 | 2492 |
| | സി.എഫ്.സി. | 12246704 | 11938976 | 307728 |

3. വാർഷിക ധനകാര്യ പത്രിക പ്രകാരം ബാലൻസ്ഷീറ്റിലെ സ്ഥിര ആസ്തി 8,95,83,900/- രൂപയാണ്. എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം ഈ തുക കൂട്ടിയെടുക്കാൻ സാധിക്കുന്നില്ല.

4. വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ്ഷീറ്റിലെ ബി.15-ലെ വസ്തു നികുതി കുടിശ്ശിക 17,77,205/- രൂപയും അത് പ്രകാരം ലൈബ്രറി സെസ്സ് കുടിശ്ശിക ₹84,629/- രൂപയുമാണ്. എന്നാൽ സ്റ്റേറ്റ് ഗവ. സെസ്സ് എന്ന ശീർഷകത്തിൽ ₹88,560/- രൂപയാണ്.

5. വസ്തു നികുതി തൻവർഷത്തെ കളക്ഷൻ കുടിശ്ശിക, കുടിശ്ശിക കളക്ഷൻ, കുടിശ്ശിക ഇവ സാംഖ്യ, സഞ്ചയ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

തൻവർഷം

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് | ബാലൻസ് |
|---|---|---|---|---|
| താമസം (സാംഖ്യ) | 31,40,253/- | 26,90,950/- | - | 2,64,915/- |
| താമസം | 31,40,253/- | 25,11,888/- | 4,02,485/- | 2,64,478/- |

| | | | | |
|---|---|---|---|---|
| (സഞ്ചയ) | | | | |

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് | ബാലൻസ് |
|---|---|---|---|---|
| താമസേതരം (സാംഖ്യ) | 25,22,354 | 20,24,634 | - | 2,26,584 |
| താമസേതരം (സഞ്ചയ) | 25,22,354 | 21,70,554 | 1,43,538 | 2,26,376 |

അരിയർ

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് | ബാലൻസ് |
|---|---|---|---|---|
| താമസം (സാംഖ്യ) | 20,56,117/- | 29,02,502/- | - | 5,19,270/- |
| താമസം (സഞ്ചയ) | 31,03,544/- | 26,68,291/- | - | 5,18,104/- |

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് | ബാലൻസ് |
|---|---|---|---|---|
| താമസേതരം (സാംഖ്യ) | 45,87,861/- | 31,99,265/- | - | 6,81,807/- |
| താമസേതരം (സഞ്ചയ) | 40,87,377/- | 34,49,104/- | - | 6,81,454/- |

6. വസ്തുനികുതി ആകെ തൻവർഷ ഡിമാന്റ് (സാംഖ്യ പ്രകാരം) ₹56,62,607/- രൂപയാണ്. ആകെ പിരിച്ചെടുത്തത് (സാംഖ്യ പ്രകാരം) ₹47,15,584/- രൂപയാണ്. ആയതു പ്രകാരം കുടിശ്ശികയായി ₹9,47,023/- രൂപ യഥാർത്ഥത്തിൽ വരേണ്ടതാണ്. എന്നാൽ വാർഷിക ധനകാര്യ പത്രിക പ്രകാരം ₹4,91,499/- രൂപയാണ് കാണുന്നത്.

7. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ നെറ്റ് ക്യാഷ് ജനറേറ്റഡ് 2,07,66,013/- രൂപയാണ്. എന്നാൽ വർഷാദ്യ, വർഷാന്ത്യ ക്യാഷ് ബാലൻസുകൾക്കിടയിലെ വ്യത്യാസം 2,47,62,098/- ആണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ തൊഴിൽ നികുതി(ജീവനക്കാർ),സ്ഥാപന തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടില്ല.

1. മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, വെള്ളിക്കുളങ്ങര
2. പോസ്റ്റ് ഓഫീസ്, മുരിക്കുങ്ങൽ (ജീവനക്കാരുടെ തൊഴിൽ നികുതി)
3. ഫെഡറൽ ഫിനാൻസ്,കോടാലി
4. പൈനാടത്ത് ഗ്രാനൈറ്റ്സ്,
5. മൂന്നുമുറി മേഖല വനിത സഹകരണ സംഘം
6. സീസർ പാലസ്,കോടാലി
7. vffck സ്വാശ്രയ കർഷക സമിതി(ജീവനക്കാരുടെ തൊഴിൽ നികുതി)
8. ജയം സാന്റ് ആന്റ് ട്രാവൽസ്(ജീവനക്കാരുടെ തൊഴിൽ നികുതി)
9. ഹാരിസൺ മലയാളം ലിമിറ്റഡ്( 2-ാംഅർദ്ധ വർഷ സ്ഥാപന തൊഴിൽ നികുതി)
10. ഫാർമേഴ്സ് ചോയ്സ്(സ്ഥാപന തൊഴിൽ നികുതി)
11. ജമാക്സ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ്

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനു സ്ഥാപനങ്ങൾക്ക് പഞ്ചായത്ത്കത്തു നൽകിയിട്ടുണ്ടെന്നു ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്(എൻക്വയറി നമ്പർ 8/).തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ലൈസൻസില്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

വെറ്ററിനറി സർജൻ 12.10.2018 തിയതിയിൽ നൽകിയ ലൈവ്സ്റ്റോക്ക് ഫാമുകളുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന വ്യക്തികളുടെ പേരിലുള്ള കന്നുകാലി ഫാമുകൾ(കന്നുകാലികളുടെ എണ്ണം 5ൽ കൂടുതൽ) കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1. ജയൻ ചേനത്തുപറമ്പിൽ, കോടാലി
2. ജയിംസ്, കോയിക്കര, മുരിക്കുങ്ങൽ
3. ശിവരാമൻ പോതിയിൽ, മാങ്കുറ്റിപ്പാടം
4. ഷാജു മുല്ലക്കുന്നേൽ, ഇഞ്ചക്കുണ്ട്
5. മനേഷ് പെരുമാംകുളം, കുഞ്ഞലിപ്പാറ
6. അനൂപ് ചുണ്ടാട്ട്, കുഞ്ഞലിപ്പാറ
7. ശശി ചക്കമല്ലിശ്ശേരി, മാങ്കുറ്റിപ്പാടം
8. സദാനന്ദൻ ചക്കമല്ലിശ്ശേരി, മാങ്കുറ്റിപ്പാടം
9. രാജേഷ് പോതിയിൽ, മാങ്കുറ്റിപ്പാടം
10. സേവ്യർ കൊളാപ്പിള്ളിയിൽ, കോടാലി
11. സജീവൻ പൂവ്വത്തുംകടവിൽ, കടമ്പോട്
12. രാജീവ് എലിച്ചിക്കാടൻ, നൂലുവള്ളി
13. ജയൻ മറൂണാൻ, ചുങ്കാൽ
14. മിലൻ വലിയത്തടത്തിൽ, മറ്റത്തൂർ

2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും, അപ്രകാരമുള്ള ലൈസൻസിലേയും ചട്ടങ്ങളിലേയും നിബന്ധനകൾ പാലിക്കാതെയും യാതൊരാളും ചട്ടത്തിൽ പറഞ്ഞിട്ടുള്ളതിൽ കൂടുതൽ(കന്നുകാലി ഫാം-5 എണ്ണം)മൃഗങ്ങളേയോ പക്ഷികളേയോ വളർത്തുന്ന ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുവാനോ നടത്തിക്കൊണ്ടുപോകുവാനോ പാടുള്ളതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ13/16.10.2018)മേൽ വ്യക്തികളുടെ പേരിലുള്ള ഫാമുകളുടെ ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും കണ്ടെത്താൻ സാധിച്ചില്ല എന്നാണ് മറുപടി നൽകിയത്. പഞ്ചായത്തിൽ ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-3 ചട്ട പ്രകാരമുള്ള ഡിആന്റ്ഒ ലൈസൻസ് പിഴ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയില്ല

മുൻ വർഷങ്ങളിൽ ലൈസൻസ് പുതുക്കാതെ 2017-18 വർഷത്തിൽ ലൈസൻസ് പുതുക്കിയ ചില സ്ഥാപനങ്ങളിൽ നിന്നും പിഴയായി 500/-രൂപ മാത്രം ഈടാക്കിയിരിക്കുന്നു.1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 255 പ്രകാരം ചട്ടലംഘനത്തിനു ശിക്ഷയായി ആയിരം രൂപ വരുന്ന പിഴയോ അഥവാ തുടർന്നു കൊണ്ടിരിക്കുന്ന ലംഘനത്തിന്റെ കാര്യത്തിൽ ആദ്യത്തെ ലംഘനത്തിനുശേഷം ലംഘനം തുടരുന്ന ഓരോ ദിവസത്തേക്കും 50 രൂപയിൽ കവിയാത്ത ഈടാക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

| ക്രമ നം. | വാർഡ്/കെട്ടിട നം | സ്ഥാപനം | ഈടാക്കിയ പിഴ | ലൈസൻസ് പുതുക്കാതിരുന്ന വർഷങ്ങൾ |
|---|---|---|---|---|
| 1 | 15/266 | എയ്ഞ്ചൽ ബ്യൂട്ടി പാർലർ | 500 | 15-16,16-17 |
| 2 | 22/668 | ശ്രീകൃഷ്ണ ഫർണ്ണീച്ചർ പാലസ് | 500 | 14-15,15-16,16-17 |
| 3 | 6/756 | സ്വരാജ് ഗ്രോസറി | 500 | 15-16,16-17 |
| 4 | 6/580 | ബെന്നി ഫയർ വർക്സ് | 500 | 16-17 |
| 5 | 14/874 | സൗന്ദര്യ സ്റ്റോഴ്സ് | 500 | 15-16,16-17 |

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും പിഴ ഈടാക്കിയതായും രജിസ്റ്റർ പരിശോധിച്ചതിൽ കാണുന്നില്ല.

| ക്രമ നം | സ്ഥാപനം | ഫയൽ നം | ലൈസൻസ് പുതുക്കാതിരുന്ന വർഷം |
|---|---|---|---|
| 1 | ആബാ ഇൻഡസ്ട്രീസ് (എയ്റേറ്റഡ് വാട്ടർ&സോഫ്റ്റ് ഡ്രിങ്ക്സ് മാനുഫാക്ചറിങ്ങ് ആന്റ് സെയ്ൽ) | A4-2238/17 /22.02.17 | 16-17 |

| | | | |
|---|---|---|---|
| 2 | മെൽവ ഇൻഡസ്ട്രീസ് (എയ്റേറ്റഡ് വാട്ടർ&സോഫ്റ്റ് ഡ്രിങ്ക്സ് മാനുഫാക്ചറിങ്ങ് ആന്റ് സെയ്ൽ) | A4-2239/17 /22.02.17 | 16-17 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള പിഴ ഈടാക്കാത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ19/17.10.2018) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 അക്കൗണ്ട് വിവരങ്ങൾ കാലികമാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

റസീപ്റ്റ് ആന്റ് പെയ്മെന്റ് അക്കൗണ്ട് 40(b) പ്രകാരം VPFA-1 എന്ന അക്കൗണ്ടിൽ 987/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നുണ്ട്. എന്നാൽ ഈ അക്കൗണ്ട് ട്രഷറി രേഖകളിൽ നിലവില്ലില്ലാത്തതാണെന്നും ആയത് ഒഴിവാക്കി അക്കൗണ്ട് വിവരങ്ങൾ കാലികമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു 9.08.2018 ലെ ധനകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ 3-ാം നമ്പർ തീരുമാനപ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. അക്കൗണ്ട് വിവരങ്ങൾ കാലികമാക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നിശ്ചിത സമയത്തിനുള്ളിൽ കരാർ വെച്ചില്ല. വൈകി വെച്ച കരാറിന് നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല.

പി.ഡബ്ള്യ.ഡി മാനുവൽ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് തിയ്യതി മുതൽ പതിനാലു ദിവസത്തിനകം എഗ്രിമെന്റ് വെക്കേണ്ടതും ശേഷം വരുന്ന പത്തു ദിവസത്തേക്ക് എസ്റ്റിമേറ്റ് പി.എ.സിയുടെ 1% പിഴ ഈടാക്കി എഗ്രിമെന്റ് വെക്കേണ്ടതുമാണ്. എന്നാൽ താഴെ ചേർക്കുന്ന രണ്ട് പ്രവർത്തികൾക്ക് സെലക്ഷൻ നോട്ടീസ് പ്രകാരം നിയമാനുസൃതം നിശ്ചയിക്കപ്പെട്ട തിയതിക്ക് ശേഷമാണ് എഗ്രിമെന്റ് ഒപ്പിട്ടിട്ടുള്ളത്. സെലക്ഷൻ നോട്ടീസിലെ തന്നെ വ്യവസ്ഥ പ്രകാരം നിയമാനുസൃത തിയ്യതിക്കുശേഷം എസ്റ്റിമേറ്റ് പി.എ.സി യുടെ ഒരു ശതമാനം പിഴ ഈടാക്കികൊണ്ട് മാത്രമേ എഗ്രിമെന്റ് ഒപ്പിടുവാൻ പാടുള്ളൂ എന്നിരിക്കെ ഈ പ്രവർത്തികൾക്ക് പിഴ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | സെലക്ഷൻ നോട്ടീസ് തിയ്യതി | എഗ്രിമെന്റ് വെക്കേണ്ട അവസാന തിയ്യതി | എഗ്രിമെന്റ് വെച്ച തിയ്യതി | എസ്റ്റിമേറ്റ് പി.എ.സി |
|---|---|---|---|---|---|
| 1 | വാസുപുരം അംബേദ്കർ റോഡ് കോൺക്രീറ്റിംഗ് | 04/10/17 | 18/10/17 | 27/10/17 | 349572 |
| 2 | മൂലംകുടം പാടം റോഡ് കോൺക്രീറ്റിംഗ് | 04/10/17 | 18/10/17 | 27/10/17 | 395475 |

## 3-2 എഗ്രിമെന്റ് പീരീഡിനകത്ത് പണി പൂർത്തിയാക്കിയിട്ടില്ല. സമയപരിധി നീട്ടുന്നതിനുള്ള കാരണം എവിടേയും വ്യക്തമാക്കിയിട്ടില്ല. പൂർത്തിയാക്കിയ പ്രവർത്തികളിൽ എഗ്രിമെന്റ് വ്യവസ്ഥ ലംഘിച്ചിട്ടും ഫൈൻ ഈടാക്കിയിട്ടില്ല.

മറ്റത്തൂർ പഞ്ചായത്തിൽ താഴെ ചേർക്കുന്ന പ്രവർത്തികളിൽ എഗ്രിമെന്റ് പിരീഡിനകത്ത് പണി പൂർത്തിയാക്കാത്ത പ്രവർത്തികളിൽ ടൈം എക്സ്റ്റെൻഷൻ നൽകിയതുമായി ബന്ധപ്പെട്ട് യാതൊരു രേഖകളും സൂക്ഷിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഫൈനൽ ബിൽ നൽകിയ പ്രവർത്തികളിൽ നിന്ന് നിയമാനുസൃത പിഴ ഈടാക്കാതിരുന്നതിന്റെ കാരണമെന്ത് എന്ന് വ്യക്തമാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഫൈനൽ ബിൽ തുകയുടെ 1% തുക പിഴയായി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | എഗ്രിമെന്റ് തിയ്യതി/ നമ്പർ | അംഗീകൃത കാലയളവ് | ഫൈനൽബിൽ തുക. ഡേറ്റ് ഓഫ് കംപ്ളീഷൻ. വിവരങ്ങൾ |
|---|---|---|---|---|
| 1 | ചുങ്കാൽ റോഡ് വലതുവശം സൈഡ് കെട്ടൽ | 27/AE/LSGD /MTRGP /27-10-2017 | 31-3-2018 | 154900/-തിയ്യതി.18.01.2018 |
| 2 | കിഴക്കെ കോടാലി വലിയ തോട്ടിൽ ചെക്ക് ഡാം നിർമ്മാണം | 114/AE /LSGD/MTRGP /20-05-2017 | 20.10.2017 | 273726/- തിയ്യതി.28/12/2017 |

## 3-3 പൊതുമരാമത്ത് പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ട പൊതുവായ അപാകതകൾ.

1. സെലക്ഷൻ നോട്ടീസിൽ തിയ്യതി രേഖപ്പെടുത്താത്തത്.

സെലക്ഷൻ നോട്ടീസിൽ തിയ്യതി വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.എഗ്രിമെന്റ് വയ്ക്കുന്നതിനുള്ള കാലപരിധിയുമായി ബന്ധപ്പെട്ട് ഈ തിയ്യതിക്ക് പ്രാധാന്യമുള്ളതിനാൽ തിയ്യതി നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

2.ടെൻഡർ ഫോറത്തിലുള്ള വെട്ടിത്തിരുത്തലുകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ടെൻഡർ ഫോറത്തിൽ പലതിലും വെട്ടിത്തിരുത്തലുകൾ കാണുന്നു. എന്നാൽ ഇത്തരം വെട്ടിത്തിരുത്തലുകൾ എഴുതി സാക്ഷ്യപ്പെടുത്തണമെന്നിരിക്കെ നിർവ്വഹണ ഉദ്യോഗസ്ഥൻ അത് ചെയ്യുന്നതായി കാണുന്നില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടിയെടുക്കേണ്ടതാണ്.

3. ഇ -ടെൻഡർ നടപടികൾക്ക് ശേഷംഫിനാൻസ് ഓപ്പണിംഗ് സമ്മറി ഫയലിൽ സൂക്ഷിക്കുന്നില്ല.

ഇ -ടെൻഡർ നടപടികൾക്ക് ശേഷമുള്ള ഫിനാൻസ് ബിഡ് ഓപ്പണിംഗ് സമ്മറി, ടെക്നിക്കൽ ബിഡ് ഓപ്പണിംഗ് സമ്മറി തുടങ്ങിയ രേഖകൾ ഫയലിൽ സൂക്ഷിക്കുന്നില്ല. ആയത് സൂക്ഷിക്കേണ്ടതാണ്.

## 3-4 പ്രോജക്ടുകളുടെ ഭരണസമിതി തീരുമാനത്തിനുശേഷം ടെൻഡർ

## നടപടികൾ, എഗ്രിമെന്റ് എന്നിവ വളരെ വൈകി മാത്രം നടപ്പാക്കുന്നത് പ്രോജക്ടുകൾ വൈകാനിടയാക്കുന്നു.

പൊതുവേ പൊതുമരാമത്ത് പ്രവർത്തികളിൽ ഭരണസമിതി തീരുമാനം വളരെ നേരത്തെയായിട്ടു പോലും ടെൻഡർ നടപടികൾ, എഗ്രിമെന്റ് എന്നിവ വളരെ വൈകി മാത്രം നടപ്പാക്കുന്നതിനാൽ പ്രോജക്ടുകൾ വളരെ വൈകാനിടയാക്കുന്നു. ഈ പ്രവണത കഴിയുന്നത്ര ഒഴിവാക്കേണ്ടതും പദ്ധതികൾ നേരത്തെ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ഭരണസമിതി തീരുമാനം | ടെൻഡർ തിയ്യതി | എഗ്രിമെന്റ് ഡേറ്റ് |
|---|---|---|---|---|
| 1 | വെള്ളികുളങ്ങര കോൺവെന്റ് റോഡ് റീടാറിംഗ് | 26.09.2016 | 16.01.2017 | 04.02.2017 |
| 2 | കട്ടിപ്പൊക്കം പോസ്റ്റ് ഓഫീസ് റോഡ് റീടാറിംഗ് | 29.09.2016 | 16.01.2017 | 01.02.2017 |
| 3 | അംഗൻവാടി നമ്പർ 50 ൽ ഷീറ്റ് മേയൽ തറ കോൺക്രീറ്റിംഗ് | 29.09.2016 | 25.02.2017 | 17.03.2017 |
| 4 | അംഗൻവാടി നമ്പർ 51 ന മുകളിൽ ഷീറ്റ് മേഞ്ഞ് റൂം നിർമ്മാണവും സ്റ്റെയർകേസ് നിർമ്മാണവും | 26.09.2016 | 25.02.17 | 13.03.2017 |
| 5 | നാഡിപ്പാറ കിഴക്കേക്കര റോഡ് റീടാറിംഗ് വാർഡ് 2 | 29.09.2016 | 25.02.2017 | 13.03.2017 |

## 3-5 പ്രോജക്ടിന്റെ എണ്ണക്കൂടുതൽ പ്രവർത്തികളുടെ ഗുണമേൻമയെ ബാധിക്കുമോയെന്ന് ഓഡിറ്റിൽ ആശങ്കപ്പെടുന്നു.

തൻവർഷം ആകെ 268 മരാമത്തു പ്രോജക്ടുകളാണ് രൂപ കൽപ്പന ചെയ്തിട്ടുള്ളത്. അതിൽ 205 എണ്ണം നടപ്പിൽ വരുത്തിയിട്ടുണ്ട്. അഞ്ചുലക്ഷത്തിനുള്ളിൽ അടങ്കൽ വരുന്ന പ്രവർത്തികൾ കേവലം മുപ്പത്തി അഞ്ചെണ്ണം മാത്രമാണ്. എൽ.എസ്.ജി.ഡി.എഞ്ചിനിയറിംഗ് വിഭാഗത്തിലെ നിലവിലെ സ്റ്റാഫ് എണ്ണം കണക്കിലെടുക്കുമ്പോൾ ഇത്രയും പ്രവർത്തികൾക്ക് കൃത്യമായി മേൽനോട്ടം വഹിക്കാനുള്ള എണ്ണം ആളുകൾ ഇല്ല എന്ന് കാണുന്നു. പ്രോജക്ടുകളുടെ എണ്ണക്കൂടുതൽ കൂടുതലും ചെറിയ റോഡുകളുടെ ആധിക്യമാണെന്നു കാണുന്നു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ട് രൂപീകരണ സമയത്ത് ഈ വിഷയത്തിൽ വേണ്ടത്ര ഗുണപരമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

## 3-6 റോഡ് മരാമത്ത് പ്രവർത്തികളുടെ അവലോകനം

പ്രത്യേക അവലോകനത്തിനായി പതിനഞ്ചോളം റോഡ് പ്രവർത്തികൾ പരിശോധനാവിധേയമാക്കുകയുണ്ടായി. കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കും പ്രകാരമാണ്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | റോഡിന്റെ മുഴുവൻ നീളത്തിലും പ്രവർത്തി നടന്നത് | 7 |
| 2 | ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയത് | പരിശോധന സാധ്യമായില്ല |
| 3 | വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചത് | ഇല്ല |
| 4 | രണ്ടോ അതിൽകൂടുതലോ റോഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്നത് | 1 |
| 5 | 500മീറ്ററിനു മേൽ ദൈർഘ്യമുള്ളത് | 3 |
| 6 | മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചത് | ഇല്ല |

വിലയിരുത്തലുകൾ

1. തെരഞ്ഞെടുത്ത പ്രവർത്തികളിൽ ഒന്നു പോലും വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശിച്ചതായില്ലഎന്നു കാണുന്നു. വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്

2. രണ്ടോ അതിൽ കൂടുതലോ വാർഡുകളെ ബന്ധിപ്പിക്കുന്ന റോഡുകൾ ഒരെണ്ണം മാത്രമാണ്. റോഡുകളുടെ പ്രാധാന്യം പ്രവർത്തിക്കായി റോഡ് തെരഞ്ഞെടുക്കുന്നതിൽ പ്രതിഫലിക്കുന്നില്ല എന്ന് കാണുന്നു.

3. 500 മീറ്ററിനു മേൽ ദൈർഘ്യമുള്ളതായി മൂന്ന് റോഡുകൾ മാത്രമാണുള്ളത്. എണ്ണം കുറഞ്ഞ റോഡുകളുടെ എണ്ണക്കൂടുതൽ ഫണ്ട് വാർഡുതലത്തിൽ വിഭജിക്കപ്പെടുന്നതു മൂലമാണെന്ന് കാണുന്നു

4.റോഡുകളുടെ സമഗ്രമായ വികസനത്തിന് റോഡുകണക്റ്റിവിറ്റി മാപ്പിന്റെ ആവശ്യകത പ്രസക്തമാണ്. നിലവിൽ റോഡ് കണക്റ്റിവിറ്റിമാപ്പ് സ്ഥാപനത്തിൽ പരിപാലിക്കുന്നില്ല.

5.റോഡുകളുടെ കൃത്യമായ സ്ഥിതിവിവരകണക്കുകൾ ആസ്തി രജിസ്റ്ററിലില്ല എന്നു കാണുന്നു. ഇത് ചിലയിടത്തെല്ലാം തർക്കങ്ങൾക്ക് വഴി വെക്കുന്നുണ്ട്.

ഉദ. 1.ആട്ടക്കുഴിപ്പാടം റോഡ്. ഈ റോഡ് s0153/14 നമ്പർ പ്രോജക്റ്റിലുൾപ്പെടുത്തി 2013-14 വർഷം 110 മീറ്റർ ഫസ്റ്റ് മെറ്റലിംഗിന് ഉദ്ദേശിച്ചിരുന്നെങ്കിലും ആദ്യഭാഗത്തെ പ്ലോട്ടുടമ സ്ഥലത്തിന്റെ വീതിയെച്ചൊല്ലി തർക്കമുണ്ടാക്കിയതിനെത്തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും ആദ്യഭാഗത്തെ പ്രവർത്തികൾ ഒഴിവാക്കുകകയും ചെയ്തു. പിന്നീട് 17-18 ൽ പുതിയ പ്രോജക്റ്റിന് രൂപകൽപ്പന ചെയ്യുകയും 103 മീറ്റർ കോൺക്രീറ്റ് ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. പ്രവർത്തി നടത്തിയതിനെത്തുടർന്ന് സ്ഥലമുടമ സ്ഥലം കൈയ്യേറി എന്ന പരാതിയുമായി വരികയും വിവിധ തലങ്ങളിൽ പരാതി തീർപ്പാകാതെ നിൽക്കുകയും ചെയ്യുന്നു.

2.കാരിക്കടവ് ആദിവാസി കോളനിയിലേക്കുള്ള റോഡ് 17-18 ൽ കോൺക്രീറ്റ് ചെയ്യാൻ തീരുമാനിക്കുകയും 100 മീറ്റർ പാത മൂന്ന് ലക്ഷം രൂപ ചിലവാക്കി കോൺക്രീറ്റ് ചെയ്യുകയും ചെയ്തു. എന്നാൽ 30/12/2017 ൽ ചാലക്കുടി DFO റോഡ് കൈയ്യേറിയതായി കാണിച്ച് നിയമനടപടികളുമായി മുന്നോട്ടു പോകുമെന്ന് സി.എ.4-7967/17 നമ്പർ കത്തു മുഖേന അറിയിച്ചിട്ടുണ്ട്. നിലവിൽ ഈ പ്രശ്നവും പരിഹരിക്കാതെ തുടരുന്നതായാണ് കാണുന്നത്.

## 3-7 വെള്ളികുളങ്ങര കോൺവെന്റ് റോഡ് റീടാറിംഗ് ടെൻഡർ കുറവ് അവസാനബില്ലിൽ നിന്നും കുറവു ചെയ്തില്ല. നഷ്ടതുക 18047 രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തിരികെ അടച്ചു.

പ്രോജക്റ്റ് നമ്പർ. 46/2018

ഫൈനൽ ബിൽ തുക . 258188

ബിൽ നമ്പർ.229/15-16 തി. 18/01/2018

എം ബുക്ക് നമ്പർ.229/15-16

പ്രോജക്ടിന്റെ പേര്. വെള്ളികുളങ്ങര കോൺവെന്റ് റോഡ് റീടാറിംഗ്

എഗ്രിമെന്റ് നമ്പർ.14/AE/LSGD/MTRGP DT.04/02/17

പഞ്ചായത്ത് കമ്മിറ്റി തീരുമാനം.19/01/17 ലെ 2(16) നമ്പർ തീരുമാനം

കരാറുകാരൻ.ഒ.ജെ.വിൽസൻ

ഈ പ്രവർത്തിക്കായി ശ്രീ ഒ.ജെ.വിൽസൻ. 16/01/17 ൽ 6.99% കുറവിന് ടെൻഡർ സമർപ്പിക്കുകയും 19/01/17 ൽ പഞ്ചായത്ത് കമ്മിറ്റി അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ ആകെ പ്രവർത്തി മൂല്യത്തിൽ നിന്നും 6.99% ടെൻഡർ ബിലോ 18047 രൂപ കിഴിവ് വരുത്തിയില്ല. ഓഡിറ്റ് പരിശോധനയിൽ ഇതു സംബന്ധിച്ച് എൻക്വയറി നൽകുകയും തുടർന്ന് കരാറുകാരൻ 18047 രൂപ (രസീതി നമ്പർ. 118030103789 തിയ്യതി 10/10/2018 പ്രകാരം തിരികെ അടച്ചിട്ടുള്ളതുമാണ്. ടി തുക ഏതു ഫണ്ടിൽ നിന്നാണോ പ്രൊജക്ട് നിർവ്വഹണത്തിന് വേണ്ടി തുക പിൻവലിച്ചത് പ്രസ്തുത ഫണ്ടിലേയ്ക്ക് തിരികേ ഒടുക്കി രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

## 3-8 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല, ചെലവ് തുക തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ താഴെ പറയുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവ് തുക,2937087/രൂപ തടസ്സപ്പെടുത്തുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| പദ്ധതി നം | പദ്ധതിയുടെ പേര് | കൈമാറിയ തുക | കൈമാറിയ സ്ഥാപനം | ബിൽ നം/തിയതി |
|---|---|---|---|---|
| SO442/18 | ചെമ്പൂച്ചിറ ലക്ഷം വീട് പുഞ്ചപ്പാടംപൈപ്പ് ലൈൻഎക്സ്റ്റൻഷൻ | 1,00,000/ | കേരളാ വാട്ടർ അതോറിറ്റി | 37/dt.13/3/18 |
| 195/18 | സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പുതിയ ലൈൻ വലിക്കൽ | 15,00,000/ | കേരളാസ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 31/dt.14/2/18 |
| 433/18 | പഞ്ചായത്തിന്റ ഇലക്ട്രിക് ലൈനുകൾ എർത്ത് പ്രൂഫ്ആക്കുന്നതിന് | 40,199/ | കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 32/dt.14/2/18 |
| 443/18 | കടമ്പോട്പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 51,000/ | കേരളാ വാട്ടർ അതോറിറ്റി | 35/dt.13/3/18 |
| 444/18 | ചാറ്റാലംപാടംപൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 90,000/ | കേരളാ വാട്ടർ അതോറിറ്റി | 36/dt.13/3/18 |
| 308/18 | ഐ.കെ.എം.വിഹിതം അടവാക്കൽ | 1,38,388/ | ഐ.കെ.എം. | 3/17-18 |
| 317/18 | എസ്.എസ്.എ.വിഹിതം നൽകൽ | 7,00,000/ | പ്രോജക്ട് ഓഫീസർ, എസ്.എസ്.എ. | 2/dt.27/7/17 |
| 327/18 | പി.എം.എ.വൈ-എസ്.സി.വിഹിതം | 1,00,000/ | കൊടകര ബ്ലോക്ക് | 7/dt.10/8/17 |

| | | | | |
|---|---|---|---|---|
| | നൽകൽ | | പഞ്ചായത്ത് | |
| 325/18 | പി.എം.എ.വൈ-ജനറൽ | 2,17,500/ | കൊടകര ബ്ലോക്ക് പഞ്ചായത്ത് | 6/dt.30/7/17 |
| | ആകെ | 29,37,087 | | |

ടി സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-9 നിലവിലില്ലാത്ത സാധാരണബൾബുകൾക്ക് കെ.എസ്.ഇ.ബി.ചാർജ് ഈടാക്കുന്നു-സംയുക്തപരിശോധന അനിവാര്യം

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ പദ്ധതി നം.208/18,തെരുവ് വിളക്ക് പരിപാലനം എന്നതിൽ, തെരുവ് വിളക്ക് പരിപാലനത്തിന്, 2/3/2017ൽ ശ്രീ. അമ്മാത്ത് വീട്ടിൽ കൃഷ്ണവാരിയർ മകൻ രാധാകൃഷ്ണൻ എന്നവരുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച്, നിബന്ധന 14 പ്രകാരം, പഞ്ചായത്തിൽ, ഡബിൾ ട്യൂബ് സെറ്റ് 80എണ്ണം, സിംഗിൾ ട്യൂബ് സെറ്റ് 240 എണ്ണം, സി.എഫ്.എൽ 2070 എണ്ണം എന്നിങ്ങനെയാണ് തെരുവ് വിളക്കുകളുടെ എണ്ണം കാണിച്ചിരിക്കുന്നത്.

എന്നാൽ, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് വെള്ളിക്കുളങ്ങര സെക്ഷൻ അസി.എഞ്ചിനീയറുടെ ഓഫീസിലെ, 17/4/17ലെ താരിഫ് റിവിഷൻ സംബന്ധിച്ച കത്ത് പ്രകാരം, പഞ്ചായത്തിൽ 25 watt ന്റെ 112 ബൾബുകളും, 40 wattന്റെ 714 ബൾബുകൾ ഉള്ളതായും ആയതിന്റെ ചാർജ് അടക്കം, 93174/രൂപയാണ് മാസം തോറും തെരുവ്വിളക്കിന്റെ ബില്ല് അടയ്ക്കാൻ ആവശ്യപ്പെട്ടിരിയ്ക്കുന്നത്. പുതുക്കിയ നിരക്ക് പ്രകാരം ഓർഡിനറി ബൾബ്, 25 watt, 40 watt എന്നിവയ്ക്ക് 66/രൂപയാണ്. നിലവിൽ ഇല്ലാത്ത ബൾബുകൾക്ക് ചാർജ് അടയ്ക്കുന്നതിലൂടെ മാസം തോറും ഗ്രാമപഞ്ചായത്തിന് ഒരു ഭീമമായ തുക ഇലക്ട്രിസിറ്റി ബോർഡിലേയ്ക്ക് അധികമായി അടയ്ക്കേണ്ടി വരുന്നു.

17/4/2017 മുതൽ വർദ്ധിപ്പിച്ച നിരക്കിലും, അതിന് മുൻപ് പഴയ നിരക്കിലും നിലവിൽ ഇല്ലാത്ത ഓർഡിനറി ബൾബുകൾക്ക് ചാർജ് പഞ്ചായത്തിൽ നിന്നും അടവാക്കുന്നതിലൂടെ നല്ല ഒരു തുക കെ.എസ്.ഇ.ബി.യിലേക്ക് പോകുന്നുണ്ട്. ആയതിനാൽ കെ.എസ്.ഇ.ബിയുമായി ചേർന്ന്, എത്രയും പെട്ടെന്ന് തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച് സംയുക്ത പരിശോധന നടത്തേണ്ടതും, അധികമായി അടവാക്കിയ തുക വരും ബില്ലുകളിൽ ക്രമീകരിക്കേണ്ടതുമാണ്.

## 3-10 ആശ്രയ പദ്ധതി -സെക്രട്ടറി കൈമാറിയ തുക കുടുംബശ്രീയുടെ അക്കൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നു.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ, പദ്ധതി നം.382/18, ആശ്രയ പദ്ധതിയ്ക്കായി , 2,00,000/ രൂപാ, (ബിൽ നം.5/17-18,dt.30/7/17), കുടുംബശ്രീ ചെയർപേഴ്സന്റെ കത്ത് പ്രകാരം, സെക്രട്ടറി കുടുംബശ്രീയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ടി തുക കുടുംബശ്രീയുടെ, സിൻഡിക്കേറ്റ് ബാങ്കിന്റെ മറ്റത്തൂർ ബ്രാഞ്ചിലുള്ള അക്കൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നു. അർഹനായ ഗുണഭോക്താവിനെ കണ്ടെത്തി ടി തുക എത്രയും പെട്ടെന്ന് വിനിയോഗിക്കാൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 3-11 ഹോംകോയിൽ നിന്നും മരുന്ന് ലഭ്യമാക്കുമ്പോൾ മരുന്നിന് അടച്ച തുകയിൽ നിന്നും ഫ്രൈറ്റ് ചാർജ് ഈടാക്കുന്നു.

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ 200000/രൂപാ (ബിൽ നം.24/21/11/2017) ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. രണ്ട് ലക്ഷം രൂപയ്ക്കുള്ള മരുന്ന്, രണ്ട് തവണയായിട്ടാണ് ഹോംകോയിൽ നിന്നും ലഭിച്ചിട്ടുള്ളത്. 2018 june 27 ന്, ഇൻവോയ്സ് നം,

LF-603 പ്രകാരം, 44,450/രൂപയുള്ള മരുന്നും, 2018 july 21 ന്, ഇൻവോയ്സ് നം.LF-780 പ്രകാരം, 1,55,550/രൂപയുള്ള മരുന്നും വന്നിട്ടുണ്ട്. ഇതിൽ ആദ്യത്തെ ബില്ലിൽ നിന്നും 1504/ രൂപയും, രണ്ടാമത്തെ ബില്ലിൽ നിന്നും, 5192/ രൂപയുംഅടക്കം ആകെ 6696 രൂപാഫ്രൈറ്റ് ചാർജ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. നിർവഹണോദ്യഗസ്ഥൻ മരുന്നിന് തുക കൈമാറുമ്പോൾ, ഹോംകോയുമായി മരുന്ന് ലഭ്യമാക്കുന്നത് സംബന്ധിച്ച് കരാർ വയ്ക്കുന്നില്ല. ആയതിനാൽ ഹോംകോയുമായി കരാറിലേർപ്പെടേണ്ടതും, മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-12 ഘടകസ്ഥാപനങ്ങളുടെ വൈദ്യുതി, ടെലഫോൺ മുതലായ ചെലവുകൾ-വെറ്ററിനറി സർജന് അധികം തുക നൽകിയത് ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് അടവാക്കി

സെക്രട്ടറി നിർവഹണോദ്യഗസ്ഥനായ മേൽ പദ്ധതിയിൽ(മെയിന്റനൻസ്ഫണ്ട്) 2016-17 വർഷത്തെ കണ്ടിൻജന്റ് ചെലവുകൾ അനുവദിച്ച് കിട്ടുന്നതിനായി വെറ്ററിനറി സർജൻ അപേക്ഷ നൽകിയിട്ടുണ്ട്. ആകെ 26 ഇനം ചെലവുകളിൽ, മോഡം, ഫോൺ എന്നിവയുടെ ചെലവ് ഒഴികെ 17844/ രൂപ അനുവദിയ്ക്കാനാണ് ഫയൽ നം.A2-11702/2017, dt.20/11/2017 പ്രകാരം അനുവാദം നൽകിയിരിയ്ക്കുന്നത്. എന്നാൽ ബിൽ നം.46/dt.27 /3/18പ്രകാരം മാറിയ, 22863/ രൂപയിൽ നിന്നും 19456/ രൂപാ തന്നെ വെറ്ററിനറി സർജന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഉത്തരവിന് വിപരീതമായി 1612/ രൂപാ അധികം നൽകിയതിനു വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം2/9.10.18) 16.10.2018ന് 118030103882 നമ്പർ രസീതി പ്രകാരം തുക അടവാക്കിയതിന്റെ പകർപ്പ് സഹിതം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-13 സുസ്ഥിര ഭവന നിർമ്മാണ പദ്ധതി-തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സുസ്ഥിര ഭവന നിർമ്മാണ പദ്ധതിക്കായ് 2012-13 വർഷത്തിൽ പദ്ധതി നം:259/13 പ്രകാരം പിൻവലിച്ച തുകയിൽ വെള്ളിക്കുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് നം.425 ൽ(A/C no:3921) 31.03.2018ൽ 307861 രൂപ നീക്കിയിരിപ്പുണ്ട്. ഇക്കാര്യത്തിനു എൻക്വയറി നൽകിയതിനു (എൻക്വയറി നം) തുക തിരികെ അടവാക്കാൻ ഭരണസമിതി തീരുമാനിച്ചിട്ടുണ്ട് (തീരുമാനം നം) എന്ന് മറുപടി നൽകിയിട്ടുണ്ട്. തുക എത്രയും വേഗം സർക്കാർ ഫണ്ടിലേക്ക് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 വനിത തൊഴിൽ സേനയ്ക്ക് മിനി ട്രാക്ടർ-പദ്ധതി ലക്ഷ്യം കൈവരിച്ചില്ല,

പദ്ധതി നം : SO-010/18

നിർവ്വഹണ ഉദ്യോഗസ്ഥൻ: കൃഷി ഓഫീസർ

അടങ്കൽ : 170000( വികസന ഫണ്ട്)

41350( ഗുണഭോക്തൃ വിഹിതം)

243500(ബ്ലോക്ക് വിഹിതം)

ബിൽ നം: 4/17-18, തിയതി:11.01.18- 71527

ബിൽ നം: 10/17-18,തിയതി: 19.02.18- 88634

ചലാൻ നം: (ബ്ലോക്ക് വിഹിതം)-243500

ആകെ- 403661

ഈ പദ്ധതി പ്രകാരം KAMCO യിൽ നിന്നും താഴെ പറയുന്ന ഇൽവോയ്സ്കൾ പ്രകാരം മിനി ട്രാക്ടർ വാങ്ങി ആർക്കും കൈമാറാതെ കൃഷി ഓഫീസിനു മുൻപിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി മിനിട്രാക്ടറുകൾ സ്റ്റോക്കിലെടുത്ത് കർഷകസമിതികൾക്കോ, പാടശേഖര സമിതികൾക്കോ കൈമാറേണ്ടതാണ്.

a) ഇൻവോയ്സ് നം-S.8.01.100/D/23.11.17- 350027

b)ഇൻവോയ്സ് നം-S.8.01.100/D/7.02.18- 98386

ആകെ 448413

താഴെ പറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1. യന്ത്രം രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ
2. യന്ത്രം ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ
3. സ്റ്റോക്ക് രജിസ്റ്റർ, ലോഗ് ബുക്ക്
4. ഗുണഭോക്തൃ വിഹിതം അടവാക്കിയതിന്റെ വിവരങ്ങൾ

## 3-15 പച്ചക്കറി കൃഷി-അധികം കൂലിച്ചെലവ് നൽകി

പദ്ധതി നമ്പർ : S0007/18
അടങ്കൽ : 8000
നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ
ബിൽ നമ്പർ :9/17-18, തിയതി 12.02.2018, 35812 രൂപ

22 ഗുണഭോക്താക്കൾക്ക് മോണിറ്ററിംഗ് സമിതിയുടേയും കൃഷി ഓഫീസറുടേയും ശുപാർശയുടെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്. എന്നാൽ ഫയൽ പരിശോധിച്ചതിൽ 22 ഗുണഭോക്താക്കളിൽ താഴെ പറയുന്ന ഗുണഭോക്താവിന് ശുപാർശ ചെയ്തതിനേക്കാളും കൂടുതൽ തുക നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ശുപാർശ ചെയ്ത തുക | നൽകിയ തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | മേരി ബാബു | 1204 | 2604 | 1400 |

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-16 വളം വാങ്ങി വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് 75% സബ്സിഡിയിൽ എല്ലുപൊടി വിതരണം നടത്തുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഗുണഭോക്താക്കൾക്ക് തുക അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. ഇ – അപേക്ഷ, കൃഷി ഓഫീസറുടെ ശുപാർശ, മോണിറ്ററിംഗ് സമിതി റിപ്പോർട്ട്, വളം വാങ്ങിയതിന്റെ ബില്ലുകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയില്ല. ആയതിനാൽ സബ്സിഡി നൽകിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് | ബിൽ നമ്പർ/തിയതി | തുക |
|---|---|---|---|
| 1 | ജാതികൃഷി വികസനം S0006/18 | 11/17-18/24.02.2018 | 501646 |
| | | 18/17-18/28.03.2018 | 84604 |
| | | 21/17-18/28.03.2018 | 6875 |
| | | ആകെ | 593125 |
| 2 | തെങ്ങ്കൃഷി വികസനം S0004/18 | 12/17-18/9.03.18 | 402671 |
| | | 20/17-18/28.03.18 | 18689 |
| | | ആകെ | 421360 |

രേഖകളുടെ അഭാവത്തിൽ ചെലവ് തുക 421360/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

## 3-17 നിർമ്മൽപുരസ്കാരതുക ചെലവഴിച്ചില്ല - യുക്തമായ നടപടികൾ സ്വീകരിക്കണം

പഞ്ചായത്തിന്റെ വാർഷികകണക്കുകൾ പരിശോധിച്ചതിൽനിന്നും നിർമ്മൽ പുരസ്കാരമിനത്തിൽ ലഭിച്ച തുകയിൽ 2,87,500 രൂപ ചെലവഴിക്കാനായി ഇനിയും ശേഷിക്കുന്നുണ്ട്. 2014 ഡിസംബറിൽ 2,12,500 രൂപ ചെലവഴിച്ചതിനുശേഷം 4 വർഷത്തോളമായി യാതൊരുവിധ ചെലവുകളും നടത്തിയിട്ടില്ല. നിർമ്മൽപുരസ്കാരതുക ചെലവഴിക്കേണ്ട മാർഗ്ഗരേഖപ്രകാരം എത്രയും വേഗം തുക ചെലവഴിക്കാനുള്ള നടപടികളെടുക്കേണ്ടതാണ്.

## 3-18 SC/ST പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥന്റെ നിയമനം- സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

2017-18 വർഷത്തെ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വെള്ളിക്കുളങ്ങര യു.പി.സ്കൂൾ പ്രധാനാധ്യാപകൻ നിർവ്വഹണോദ്യോഗസ്ഥനായി 16 പദ്ധതികളാണ് വിഭാവനം ചെയ്തുകാണുന്നത്. സാമ്പത്തിക വർഷത്തിൽ വിഭാവനം ചെയ്ത 16 പദ്ധതികളിൽ 7 പദ്ധതികൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടിയുള്ളതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സഹായം നൽകുകയെന്നത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിൽ വരുന്ന പട്ടികജാതി/പട്ടികവർഗ്ഗവികസനം വർക്കിങ്ങ് ഗ്രൂപ്പിന്റെ ചുമതലകളിൽപ്പെടുന്നതാണ്. പ്രസ്തുത വർക്കിങ്ങ് ഗ്രൂപ്പിന്റെ കൺവീനർ ഗ്രാമപഞ്ചായത്തിന്റെ അസി.സെക്രട്ടറിയാണ്. കൂടാതെ 22.03.2014-ലെ സ.ഉ.(എം.എസ്.)നം.59/2014/തസ്വഭവ പ്രകാരം അസി.സെക്രട്ടറിമാർ ഉള്ള ഗ്രാമപഞ്ചായത്തുകളിൽ SC/ST പദ്ധതികളുടെ നിർവ്വഹണോദ്യോഗസ്ഥരായി ഗ്രാമപഞ്ചായത്തുകളിലെ അസി.സെക്രട്ടറിമാരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. 13-ാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദശങ്ങളിൽ {ജി.ഒ.(എം.എസ്.)നം.72/2017/തസ്വഭവ തീ.29.03.17}ഖ.9(7)-ൽ വിദ്യാഭ്യാസ പ്രൊജക്റ്റുകൾ ഒഴികെയുള്ള എസ്.സി.പി., റ്റി.എസ്.പി. വിഭാഗങ്ങളിലെ മറ്റെല്ലാ പ്രൊജക്റ്റുകളുടെയും നിർവ്വഹണോദ്യോഗസ്ഥൻ ആയി ഗ്രാമ പഞ്ചായത്ത് അസി.സെക്രട്ടറി തുടരുന്നതാണെന്ന് നിർദ്ദേശിക്കുന്നുണ്ട്.

ഈ വിഷയത്തിലുള്ള സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ഓരോ പദ്ധതികളുടെയും നിർവ്വഹണോദ്യോഗസ്ഥരെ കൃത്യമായി തെരഞ്ഞെടുക്കുന്നതിനുള്ള ജാഗ്രത പഞ്ചായത്ത് ഭരണസമിതിക്കുണ്ടാവേണ്ടതുണ്ട്.

## 3-19 വെള്ളിക്കുളങ്ങര G.U.P.S.ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ പദ്ധതികൾ

വെള്ളിക്കുളങ്ങര G.U.P.S.ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി 2017-18 സാമ്പത്തികവർഷത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളിൽ ഏതാനും അപാകതകൾ കാണുകയും വിശദീകരണം ആവശ്യപ്പെട്ട്

ഓഡിറ്റ് എൻക്വയറി നൽകുകയും ചെയ്തതിന് മറുപടി നൽകുകയുമുണ്ടായിട്ടുണ്ട്. എന്നാൽ എൻക്വയറിയിൽ ഉന്നയിച്ച വിഷയങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭിക്കുകയുണ്ടായില്ല.

1.10-ാം ക്ലാസ്സിലെ കുട്ടികൾക്ക് സൈക്കിൾ(SC) (SO 273/18)

അടങ്കൽ - 5,00,000

ചെലവ് - 2,82,960

ട്രഷറി ബിൽ - 7/21.03.18

25.08.17-ലെ 2(1)നം.ഭരണസമിതി തീരുമാനപ്രകാരം 5,00,000 ലക്ഷം രൂപ അടങ്കൽ തുകയായി വിഭാവനം ചെയ്ത പദ്ധതിക്കുള്ള ഗുണഭോക്താക്കളുടെ പേരുവിവരം ആവശ്യപ്പെട്ടുകൊണ്ട് നിർവഹണഉദ്യോഗസ്ഥ 16.11.2017-ൽ സ്കൂളുകൾക്ക് കത്തയച്ചിട്ടുണ്ട്. തുടർന്ന് താഴെ കൊടുത്ത തീയ്യതികളിൽ സ്കൂളുകൾ വിവരങ്ങൾ നൽകിയിട്ടുണ്ട്.

| | |
|---|---|
| S.K.H.S. മറ്റത്തൂർ | 14.01.18 |
| G.H.S.S.ചെമ്പുച്ചിറ | 07.12.17 |
| P.C.G.H.S.വെള്ളിക്കുളങ്ങര | 24.11.17 |
| ഡോൺബോസ്കോ G.H.S.കൊടകര | 23.11.17 |

സൈക്കിളുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചതിൽ 3 ടെണ്ടറുകൾ ലഭിക്കുകയും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ റിയൽ ഗ്രൂപ്പ് ഓഫ് കമ്പനീസ്, പി.ഒ.നോർത്ത് കുറ്റൂർ, മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 12.12.2017-ലെ 7(5)നം.പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. തുടർന്ന് 29.01.18-ലെ C-57 *2017-18* നം.കത്തുപ്രകാരം ആൺകുട്ടികൾക്കുള്ള 34 എണ്ണം 26T നൈട്രോ ഇന്റിഗ്ര സൈക്കിളുകളും, പെൺകുട്ടികൾക്കുള്ള 23 എണ്ണം 26 T മിസ് ഇന്ത്യ സൈക്കിളുകളും വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് supply order നൽകുകയും സ്ഥാപനം വിതരണം ചെയ്ത സൈക്കിളുകൾ വിവിധ സ്കൂളുകളിലെ വിദ്യാർത്ഥികൾ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

അപാകതകൾ :

എ)ടെണ്ടർ സമർപ്പിച്ച 3 സ്ഥാപനങ്ങളുടെയും ടെണ്ടറുകൾ സ്വീകരിക്കാൻ പ്രാപ്തമല്ലാത്തതാണ്. K.N.Trading Co.,Kodur P.O.,Malappuram എന്ന സ്ഥാപനം ടെണ്ടർ ഫോമിന്റെ വില, നിരത ദ്രവ്യം എന്നിവ അടവാക്കുന്നതിൽനിന്നും ഒഴിവാക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കുകയോ തുക അടവാക്കുകയോ ചെയ്തിട്ടില്ല. Safari Trading Co., East Kodur, Chettiparamba P.O., Malappuram എന്ന സ്ഥാപനം ടെണ്ടറിനൊപ്പം മുദ്രപത്രത്തിലുള്ള പ്രാഥമിക കരാർ ഉൾക്കൊള്ളിച്ചിട്ടില്ല. Real Group of Companies, P.O.Kuttoor, Malappuram എന്ന സ്ഥാപനം 100 രൂപയുടെ മുദ്രപത്രത്തിലുള്ള കരാറാണ് സമർപ്പിച്ചിട്ടുള്ളത്.

ബി)25.08.17-ന് ഭരണാനുമതി ലഭിച്ച പദ്ധതിക്കുള്ള ടെണ്ടർ ക്ഷണിച്ചത് 24.11.17-നാണ്. തുടർന്ന് കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ സ്ഥാപനത്തിന്റെ ടെണ്ടർ പഞ്ചായത്ത് ഭരണസമിതി 12.12.17-ന് അംഗീകരിച്ചെങ്കിലും supply order നൽകിയിരിക്കുന്നത് 1 മാസം കഴിഞ്ഞ് 29.01.18-നാണ്. 10ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷത്തിന്റെ അവസാനത്തിൽ സൈക്കിൾ ലഭിക്കുന്നതിലൂടെ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത അവസ്ഥയാണുണ്ടായിരിക്കുന്നത്. അതുകൊണ്ടുതന്നെ, പദ്ധതി എന്തിനുവേണ്ടി വിഭാവനം ചെയ്തുവോ പ്രസ്തുത ലക്ഷ്യം നേടാനായില്ല എന്ന് കാണേണ്ടിയിരിക്കുന്നു.

സി)വകുപ്പിൽനിന്നും ആനുകൂല്യം നൽകിയിട്ടില്ലെന്ന് തെളിയിക്കുന്ന പട്ടികജാതി വികസനവകുപ്പിൽനിന്നുമുള്ള സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

ഡി)പദ്ധതിയുടെ അടങ്കലും ചെലവും തമ്മിൽ 2,17,040 രൂപയുടെ വ്യത്യാസമുണ്ട്. വിവിധ തലങ്ങളിലുള്ള ചർച്ചകൾക്കുശേഷമാണ് ഒരു പദ്ധതിയുടെ രൂപീകരണം നടക്കേണ്ടതെന്നിരിക്കെ പദ്ധതിയുടെ ആസൂത്രണത്തിൽ കൃത്യമായ പഠനങ്ങളുടെ അഭാവമുണ്ടായിട്ടുണ്ട്.

2.സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് പോലീസ് വകുപ്പിനുള്ള കോൺട്രിബ്യൂഷൻ ( ടo-278/18)

അടങ്കൽ - 1,00,000

ചെലവ് - 1,00,000

ട്രഷറി ബിൽ - 10/28.03.18

സ.ഉ.(സാധാ)നം.03/2012/തസ്വഭവ തീ.02.01.2012 പ്രകാരം സ്റ്റുഡന്റ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകൾക്ക് പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും ഒരു വർഷം 50,000രൂപയിൽ കവിയാത്ത തുക കമ്മിറ്റി തീരുമാനത്തിനു വിധേയമായി ചെലവാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണസമിതി തീരുമാനം നം.1(1)/01.06.17 പ്രകാരം ഈ പദ്ധതിക്കായി 1,00,000രൂപ വകയിരുത്തുകയും ട്രഷറിബിൽ നം.10/28.03.18 പ്രകാരം GHSS Chembuchira-യുടെ a/c No.67112422340-ലേക്ക് ട്രാൻസ്ഫർ ചെയ്യുകയുമുണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവിനു വിരുദ്ധമായി 1 ലക്ഷം രൂപ ചെലവഴിച്ചതിന് വിശദീകരണം നൽകുകയോ, 1 ലക്ഷം രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നതിന് അനുവദിക്കുന്ന സർക്കാർ ഉത്തരവ് ഹാജരാക്കുകയോ ചെയ്യേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18) ജില്ലാ വികസന സമിതി അംഗീകരിച്ച തുക നിർവ്വഹണോദ്യോഗസ്ഥ വിനിയോഗിക്കുക മാത്രമാണ് ചെയ്തതെന്ന മറുപടിയാണ് ലഭിച്ചത്.

ഈ സാഹചര്യത്തിൽ സർക്കാർ ഉത്തരവിൽ പറയുന്നതിനേക്കാൾ അധികം തുക ചെലവുചെയ്തതിനാൽ 50,000രൂപ തടസ്സത്തിൽ വെക്കുന്നു.

3.LP/UP സ്കൂളുകൾക്ക് ശിശു സൗഹൃദഫർണ്ണീച്ചർ (ടo-280/18)

അടങ്കൽ - 6,10,000

ചെലവ് - 6,09,227

ട്രഷറിബിൽ - 8/27.03.18 Rs.1,00,000

ട്രഷറിബിൽ - 9/27.03.18 Rs.4,10,000

ചെക്ക് നം. - 5772545/12.6.18 Rs.99,227

SIDCO-ന്റെ രണ്ട് ഇൻവോയ്സുകളിലായി 6,09,227 രൂപ ചെലവഴിച്ച് സ്കൂളുകളിലേക്ക് ഫർണ്ണീച്ചർ വാങ്ങുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികളില്ലാതെ നേരിട്ട് സ്ഥാപനത്തിൽനിന്നും ഫർണ്ണീച്ചറുകൾ വാങ്ങുകയാണുണ്ടായത്.

പ്രധാന അപാകതകൾ താഴെ ചേർക്കുന്നു;

എ)സപ്ലൈ ഓർഡർ നം. C-60/17-18 തീ.07.12.17 പ്രകാരം 4,10,000രൂപക്ക് കുട്ടികൾക്കായുള്ള ബെഞ്ച്, ഡെസ്ക് എന്നിവ വിതരണം ചെയ്യുന്നതിന് ഉടമ്പടിവെച്ച് വിതരണം നടത്തുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ എത്ര എണ്ണമാണ് വിതരണം നടത്തേണ്ടതെന്ന് പറയുന്നില്ല. കൂടാതെ രണ്ട് ഇൻവോയ്സുകൾ പ്രകാരം സപ്ലൈ ഓർഡറിൽ ആവശ്യപ്പെട്ടതിനേക്കാൾ തുകക്കുള്ള (6,09,227രൂപയുടെ) ഫർണ്ണീച്ചറുകൾ സിഡ്കോ വിതരണം നടത്തിയതായി കാണുന്നു.

ബി)സപ്ലൈ ഓർഡർ(തീ.07.12.17), സെയിൽ ഇൻവോയ്സ്( തീ.03.02.18, 07.02.18) എന്നിവക്കുശേഷമുള്ള തീയ്യതിയിലാണ് കരാർ ഒപ്പിട്ടിരിക്കുന്നത്. (കരാർ തീയ്യതി 16.03.18)

സി)കരാറിന്റെ 3-ാം വ്യവസ്ഥപ്രകാരം സപ്ലൈ ഓർഡർ തീയ്യതി(07.12.17) മുതൽ 30 ദിവസത്തിനുള്ളിൽ ഫർണ്ണീച്ചറുകൾ വിതരണം നടത്തേണ്ടതുണ്ട്. എന്നാൽ പ്രസ്തുത സാമഗ്രികൾ വിതരണം നടത്തിയിരിക്കുന്നത് കരാർ പ്രകാരം അനുവദനീയമായ തീയ്യതിക്കുശേഷമാണ്.

ഡി)കരാറിലെ 7-ാം നം. വ്യവസ്ഥ പ്രകാരം നിലവിലുള്ള GO No.33/2017/SPD Dt.17.06.17 അനുസൃതമായാണ് സാധനങ്ങൾ വിതരണം നടത്തേണ്ടത്. എന്നാൽ വിതരണം നടത്തിയ ഫർണ്ണീച്ചർ സർക്കാർ ഉത്തരവിൽ ഉൾപ്പെടുന്നതരത്തിലുള്ളതല്ല. പദ്ധതിപ്രകാരം വാങ്ങുകയും വിവിധ സ്കൂളുകളിലേക്ക് വിതരണം നടത്തുകയും ചെയ്ത

ഈ ഫർണ്ണീച്ചറുകൾ ടെണ്ടർ നടപടികളില്ലാതെ SIDCO-യിൽനിന്നും വാങ്ങുന്നതിന് അനുവദിക്കുന്ന സർക്കാർ ഉത്തരവുകൾ ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പ്രസ്തുത ഉത്തരവുകൾ ഹാജരാക്കാമെന്ന മറുപടി മാത്രമാണ് ലഭിച്ചത്.

# 3-20 G.L.P.S.Kodaly, പ്രധാനാധ്യാപകൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

G.L.P.S.Kodaly, പ്രധാനാധ്യാപകൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി(നം.20)ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. മറുപടി നൽകാത്തതോ മറുപടികൊണ്ടും പരിഹരിക്കാൻ സാധിക്കാത്തതോ ആയ അപാകതകൾ/വിഷയങ്ങൾ മാത്രമാണ് താഴെ ചേർക്കുന്നത്.

1.സ്കൂളുകൾക്ക് ഫർണ്ണീച്ചർ (so-298/18)

അടങ്കൽ - 5,00,000

ചെലവ് - 4,98,196

ട്രഷറിബിൽ - 4/16.02.18

2016-17 സാമ്പത്തികവർഷത്തിൽനിന്നും സ്പിൽഓവറായ ഈ പ്രൊജക്റ്റിന്റെ ടെണ്ടർ CT-5തീ.03.01.2017 പ്രകാരം ക്ഷണിക്കുകയും 7 ടെണ്ടറുകൾ ലഭിച്ചതിൽ ഏറ്റവും കുറഞ്ഞനിരക്ക് രേഖപ്പെടുത്തിയ Kerala Artisans' Development Corporation, Kozhikode-ന്റെ ടെണ്ടർ പഞ്ചായത്ത്കമ്മിറ്റിയുടെ 17.02.17-ലെ 2(2)നം. തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഇൻവോയ്സ് നം.15/22.6.17 പ്രകാരം സ്ഥാപനം ഫർണ്ണീച്ചറുകൾ വിതരണം നടത്തുകയും ആയത് സ്കൂളുകൾക്ക് 22.06.17-ന് നൽകുകയും ചെയ്തിട്ടുണ്ട്.

അപാകതകൾ :

എ)കത്തിടപാടുകൾക്കൊന്നും തീയ്യതി രേഖപ്പെടുത്തുന്നില്ല.

ബി)ടെണ്ടർ നോട്ടീസിൽ അടങ്കൽ 3,00,000രൂപയാണ്. എന്നാൽ പ്രൊജക്റ്റ് പ്രകാരമുള്ള അടങ്കൽ 5,00,000രൂപയാണ്.

സി)ടെണ്ടർ നോട്ടീസിൽ നിരതദ്രവ്യമായി ആവശ്യപ്പെട്ടിരിക്കുന്നത് 3000 രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ പദ്ധതി തുകയായ 5 ലക്ഷം രൂപയുടെ 1% തുകയായ 5,000രൂപയാണ് ആവശ്യപ്പെടേണ്ടിയിരുന്നത്.

ഡി)17.02.17-ലെ ഭരണസമിതി തീരുമാനപ്രകാരം supply order നൽകാൻ നിർവ്വഹണഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും 7 ദിവസങ്ങൾക്കുള്ളിൽ വിതരണം ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട്supply order നൽകുകയും ചെയ്തിട്ടുണ്ടെങ്കിലും supply order-ൽ തീയ്യതി രേഖപ്പെടുത്താത്തതിനാൽ വ്യവസ്ഥ പാലിക്കപ്പെട്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ഇ)23.03.17-ൽ കരാർ ഒപ്പിട്ടിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും എഴുതിയിട്ടില്ല. സപ്ലൈ ഓർഡറിൽ തീയ്യതി രേഖപ്പെടുത്താത്തതിനാൽ സപ്ലൈ ഓർഡറിനുമുൻപ് കരാർ ഒപ്പുവച്ചിരുന്നോ എന്ന പരിശോധനയും സാധ്യമായില്ല.

എഫ്)2016-17 സാമ്പത്തികവർഷത്തിൽ വിതരണം നടത്തുന്നതിന് വിഭാവനം ചെയ്ത പദ്ധതിയിൽ ഫർണ്ണിച്ചറുകൾ വിതരണം നടത്തിയിരിക്കുന്നത് 2017-18 സാമ്പത്തിക വർഷത്തിലാണ്. ഫയൽ പരിശോധിച്ചതിൽനിന്നും ഉദ്യോഗസ്ഥതലത്തിലുള്ള കാലവിളംബമല്ലാതെ മറ്റ് കാരണങ്ങളൊന്നും കാണുന്നില്ല.

ജി)ടെണ്ടർ നോട്ടീസ് പ്രകാരവും കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച ടെണ്ടർ

പ്രകാരവും വിതരണം ചെയ്യേണ്ടത് പിൻകോഡ-ഇരുൾ മരത്തിൽ തീർത്ത ഫർണ്ണീച്ചർ ആണെന്നിരിക്കെ ഇൻവോയ്സ് നം.15/22.6.17 പ്രകാരം വിതരണം നടത്തിയിരിക്കുന്നത് ആഞ്ഞിലി മരത്തിൽ തീർത്ത് ഇരുമ്പിന്റെ ഫ്രെയിമിൽ ഉറപ്പിച്ച ഫർണ്ണീച്ചറുകളാണ്. തുടർന്ന് ഇരുൾ മരത്തിൽ തീർത്ത ഫർണ്ണിച്ചർ വിതരണം നടത്തുന്നതിന് സ്ഥാപനം കാലതാമസം വരുത്തിയപ്പോൾ സ്കൂളിന്റെ അടിയന്തിരസാഹചര്യം കണക്കിലെടുത്ത് ഫർണ്ണീച്ചറുകൾ വാങ്ങിയ നടപടി 31.10.17-ലെ 10/1 നം.തീരുമാനപ്രകാരംഅംഗീകരിച്ചു. എന്നാൽ supply order (തീയ്യതി ഇല്ലാത്ത) കൊടുത്തതല്ലാതെ സ്ഥാപനവുമായി എന്തെങ്കിലും കത്തിടപാടുകൾ നടത്തിയതായോ കാലതാമസത്തിന് എന്തെങ്കിലും നിയമനടപടി സ്ഥാപനത്തിനെതിരെ എടുത്തതായോ ഫയൽ പരിശോധിച്ചതിൽനിന്നും കാണുന്നില്ല. കൂടാതെ ആഞ്ഞിലി മരത്തിന്റെ ഫർണ്ണീച്ചർ വിതരണം നടത്തിയതിൽ ബന്ധപ്പെട്ട് വിലയുമായി ബന്ധപ്പെട്ട ചർച്ചകളൊന്നും നടത്തിയതായും കാണുന്നില്ല.

2.SSLC കുട്ടികൾക്ക് സൈക്കിൾ (പട്ടികജാതി) (so-301/18)

അടങ്കൽ - 4,00,000

ചെലവ് - 2,27,763

ട്രഷറിബിൽ - 1/14.08.17

2016-17 സാമ്പത്തിക വർഷത്തിലെ സ്പിൽഓവറായ ഈ പദ്ധതിയുടെ ഭരണാനുമതി 26.09.16-ൽ തന്നെ ലഭിച്ചിരുന്നുവെങ്കിലും Murali Cycle Mart, Karunagappally -യുടെ ബിൽ നം.106/20.04.17 പ്രകാരം ഏകദേശം 7 മാസങ്ങൾക്കുശേഷമാണ് സൈക്കിളുകൾ വിതരണം നടത്തിയിരിക്കുന്നത്.

അപാകതകൾ:

എ)കത്തിടപാടുകൾക്കൊന്നും തീയ്യതി രേഖപ്പെടുത്തുന്നില്ല.

ബി)26.09.16-ന് ഭരണാനുമതി ലഭിച്ച പദ്ധതിയിൽ സൈക്കിളുകൾ വാങ്ങുന്നതിനായി ടെണ്ടർ ക്ഷണിച്ചിരിക്കുന്നത് 03.01.17-നാണ്. തുടർന്ന് 2017-18 സാമ്പത്തികവർഷത്തിലാണ് സൈക്കിളുകൾ വിതരണം നടത്തിയിരിക്കുന്നത്. ചുരുക്കത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 10-ാം ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി വിഭാവനം ചെയ്ത പദ്ധതി പ്രസ്തുത വിദ്യാർത്ഥികൾ സ്കൂൾ കാലഘട്ടം പിന്നിട്ടപ്പോഴാണ് പൂർത്തിയാക്കിയിരിക്കുന്നത്.

സി) supply order-ന് തീയ്യതി ഇല്ല.

ഡി)ടെണ്ടർ തീയ്യതി കഴിഞ്ഞ് 24 ദിവസം കഴിഞ്ഞാണ് ടെണ്ടർ അംഗീകരിച്ചിരിക്കുന്നത്.

ഇ)17.02.17-ലെ തീരുമാനം നം.2(3) പ്രകാരം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ മുരളി സൈക്കിൾ മാർട്ടിന്റെ നിരക്ക് അംഗീകരിക്കുകയും supply order നൽകുവാൻ നിർവ്വഹണ ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുകയും ചെയ്തു. 7 ദിവസങ്ങൾക്കുള്ളിൽ സൈക്കിളുകൾ വിതരണം നടത്തണമെന്ന് കത്തിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടെണ്ടർ അംഗീകരിച്ച് 3 മാസങ്ങൾക്കുശേഷമാണ് വിതരണം നടത്തിയിരിക്കുന്നത്.

എഫ്)കരാറിൽ വ്യവസ്ഥകൾ എന്തെങ്കിലും എഴുതി ചേർക്കുകയോ സ്ഥാപനത്തിനെതിരെ നിയമനടപടിയെടുക്കുകയോ ചെയ്തിട്ടില്ല.

മേൽ വിഷയങ്ങളിൽ ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുകയും പദ്ധതിനിർവ്വഹണത്തിൽ അതാത് സ്റ്റാന്റിങ് കമ്മിറ്റികളുടെ മേൽനോട്ടവും നിർവ്വഹണോദ്യോഗസ്ഥരുടെ കൃത്യമായ പ്രവർത്തനങ്ങളും ഉറപ്പാക്കേണ്ടതുമാണെന്നറിയിക്കുന്നു.

## 3-21 കൈപ്പറ്റ് രശീതി, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല-

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി., നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പദ്ധതികളുടെ കൈപ്പറ്റ് രശീതി, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുന്നതുവരേയ്ക്ക് തുക

തടസ്സപ്പെടുത്തുന്നു.

| പദ്ധതിയുടെ പേര് | തുക | ട്രഷറി ബിൽ | വിഹിതം കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|
| IMA Blood Bank-ന് വിഹിതം(so 424/18) | 1,00,000 | 7/13.12.17 | ജില്ലാ പഞ്ചായത്തിന് നൽകിയത് |
| അംഗപരിമിതർക്ക് റിസോഴ്സ് സെന്റർ (so 425/18) | 50,000 | 8/11.12.17 | ജില്ലാ പഞ്ചായത്തിന് നൽകിയത് |
| ആകെ | 1,50,000 | | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1955000 | സമഗ്ര നെൽകൃഷി വികസനം | 1820527 | 134473 |
| ,, | 2017-18 | 243500 | വനിതാ തൊഴിൽസേനക്ക് മിനി ട്രാക്ടർ | 243500 | 0 |
| ,, | 2017-18 | 529650 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 429650 |
| ,, | 2017-18 | 500000 | അങ്കണവാടി പോഷകാഹാരം | 52103 | 447897 |
| ,, | 2017-18 | 250000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 300000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി | 300000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ ലൈൻ സ്ഥാപിക്കൽ | 31/14-2-18 | 15,00,000 | - | 15,00,000 |
| KSEB | ഇലക്ട്രിക് ലൈനുകൾ എർത്ത് പ്രൂഫാക്കൽ | 32/14-2-18 | 40,199 | - | 40,199 |
| KWA | കടമ്പോട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 35/13-3-18 | 51,000 | - | 51,000 |
| KWA | ചെമ്പൂച്ചിറ ലക്ഷം വീട് പുഞ്ചപ്പാടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 37/13-3-18 | 1,00,000 | - | 1,00,000 |
| KWA | കാവനാട് ചാറ്റാലംപാടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 36/13-3-18 | 90,000 | - | 90,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 90000/-രൂപ നൽകിയിട്ടുണ്ട്. വർഷാവസാനത്തിൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽബില്ല് നൽകാത്തതിന്റെ വിവരം താഴെ കാണിക്കുന്നു.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| | മോഹനൻ, തുരുത്തി വീട്, ചുങ്കാല് | ചുങ്കാല് ലിഫ്റ്റ് ഇറിഗേഷനും ടാങ്ക് സ്ഥാപിക്കലും | 21700951 Dt.21.2.18 | 90000 | - | 90000 |

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച | വർഷാവ |
|---|---|---|---|---|---|

| ഉദ്ദേശ്യം | നമ്പർ/തിയ്യതി | | ബാക്കിയുണ്ടായിരുന്ന തുക | തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 32661/DB1/09 തസ്വഭവ 16.06.09 | 7500000 | 1500000 | 750000 | 114863 | 750000 |

# 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 974968 |
| തൻവർഷം നിക്ഷേപിച്ച തുക | 62084 |
| ആകെ | 1037052 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1037052 |

# 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-3 | 2016-17 | 1 | തൊഴിൽ നികുതി | കത്ത് നൽകിയിട്ടുണ്ട്. ഭാഗികമായി അടവാക്കി |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 109723421 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 134485519 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3558447 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 1155888 | ഷാജി ജെ.ചിറ്റിലപ്പിള്ളി,സെക്രട്ടറി |
| | 1781199 | വി.ജി.ഗോപകുമാർ,സെക്രട്ടറി |
| 3-16 | 421360 | സുരേഷ് സി,കൃഷി ഓഫീസർ |
| 3-19 | 50,000 | അൽഫോൻസ,ഹെഡ്മിസ്ട്രസ് |
| 3-21 | 150,000 | ഡോ.ശിൽപ ബേബി, മെഡിക്കൽ ഓഫീസർ |
| ആകെ | 3,5,58,447 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല.

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1970-71 | എൽ.എഫ്.ടി(എസ്.2)826/2011 തിയതി.28.10.2011 | |
| 1974-75 | | |

| | | |
|---|---|---|
| 1982-83 | | |
| 1983-84 | | |
| 1984-85 | | |
| 1985-86 | | |
| 1986-87 | | |
| 1987-88 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1993-94 | | |
| 1994-95 | | |
| 1995-96 | എൽ.എഫ്.ടി 9-897/02 തിയതി 17.10.02 | |
| 1996-97 (ചെലവ്) | എൽ.എഫ്.ടി 8-1008/98തിയതി 20.03.99 | |
| 1996-97 (വരവ്) | എൽ.എഫ്.ടി 9-918/02 തിയതി.17.10.02 | |
| 1997-98 (ചെലവ്) | എൽ.എഫ്.ടി 9-1007/98തിയതി. 18.3.99 | |
| 1997-98 (വരവ്) | എൽ.എഫ്.ടി 9-891/02 തിയതി.17.10.02 | |
| 1998-99 (ചെലവ്) | എൽ.എഫ്.ടി.16-661/00 തിയതി.16-06-06 | |
| 1998-99 (വരവ്) | എൽ.എഫ്.ടി 9-16/09 തിയതി. 26-12-09 | |
| 1999-00 | എൽ.എഫ്.ടി 9-17/09 തിയതി.26-12-09 | |
| 2000-01, 2001-02 ജനകീയാസൂത്രണം | എൽ.എഫ്.ടി.9-1754/03 തിയതി.01-10-04/23-12-04 | |
| 2000-01 | എൽ.എഫ്.ടി 9-18/09 തിയതി.26-12-09 | |
| 2001-02 | എൽ.എഫ്.ടി 9-10/09 തിയതി.26-12-09 | |
| 2002-03 | എൽ.എഫ്.ടി 9-20/09 തിയതി.26-12-09 | |
| 2003-04 | എൽ.എഫ്.ടി 9-21/09 തിയതി.26-12-09 | |
| 2004-05 | എൽ.എഫ്.ടി. 9-22/09 തിയതി.26-12-09/15-02-10 | |
| 2005-06 | എൽ.എഫ്.ടി. 10-2017/10 തിയതി. 31-05-11 | |
| 2006-07 | എൽ.എഫ്.ടി 10-2018/10 തിയതി. 31-05-11 | |
| 2007-08 | എൽ.എഫ്.ടി 854/11 തിയതി. 29-11-11 | |
| 2008-09 | എൽ.എഫ്.ടി. 855/11 തിയതി. 29-11-11/04-02-12 | |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.ടി .പി2-690/12 തിയതി. 07-07-12 | |
| 2010-11 | എൽ.എഫ്.ടി .പി2-691/12 തിയതി.07-07-12/04-10-12 | |
| 2011-12 | എൽ.എഫ്.ടി .പി26-2103/13 തിയതി.14-05-14/10-09-14 | |
| 2012-13 | എൽ.എഫ്.ടി .പി6-1769/14 തിയതി.01-01-15/08-07-15 | |
| 2013-14 | കെ.എസ്.എ.-ടി.എസ്.ആർ.-പി.6-1194/15 തീയതി.30.10.15 | |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ(പി6) 1329/15 തിയതി.02.11.2015/10.12.2015 | |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി6)2102/2016 തിയതി.25.01.2017 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി6)1419/17 തിയതി.23.11.2017/13.12.2017 | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ) 1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക വരവു ചെലവ് കണക്കുകളെ ശരിയായ വിധത്തിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം 2

## വാർഷികധനകാര്യപത്രികയുടെ സംക്ഷിപ്തം

| | | |
|---|---|---|
| | സംക്ഷിപ്തം(AuditedAbstract) | പകർപ്പുകൾ ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ